# കോട്ടയം ഗ്രാമ പഞ്ചായത്ത്

## ബജറ്റ് 2023-24

## ആമുഖം

കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ ഭരണ സമിതിക്ക് മുമ്പാകം സമർപ്പിക്കുകയാണ്. ബജറ്റ് അവതരണ യോഗത്തില് ആമുഖ പ്രസംഗം നടത്തിയ ബഹു. പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാര്, പഞ്ചായത്ത് മെമ്പർമാർ, നിർവ്വഹണ ഉദ്യോഗസ്ഥൻമാർ, ജീവനക്കാർ തുടങ്ങി ഏവരേയും 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനായുള്ള പ്രത്യേക യോഗത്തിലേക്ക് സ്നേഹപൂർവ്വം ഞാന് സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ വാർഷിക ബജറ്റില് നമ്മള് ആസൂത്രണം ചെയ്ത പരിപാടികളും പദ്ധതികളും ഏറെക്കുറെ സമയബന്ധിതമായും ലക്ഷ്യാധിഷ്ഠിതമായും ഫലാധിഷ്ഠിതമായും പൂർത്തീകരിക്കാന് കഴിഞ്ഞിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന നിലപാടുകളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത് .ഈ വർഷത്തെ കേരള ബജറ്റ് പോലും വികസന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും തുക അധികം വകയിരുത്തിക്കൊണ്ടാണ് അവതരിപ്പിച്ചിട്ടുള്ളത്

ഈ ഭരണ സമിതിയുടെ കാലഘട്ടത്തിലെ മൂന്നാമത്തെ ബജറ്റ് അവതരണമാണിത്. ധനകാര്യ പരിപാലനത്തിലെ നെടും തൂണാണ് ബജറ്റ്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ നാം നേടിയ നേട്ടങ്ങളെ നിലനിർത്തുന്നതിനും ഗ്രാമങ്ങളെ പച്ചക്കറി, പാൽ, മുട്ട, ഉൽപ്പാദന

രംഗത്ത് സ്വയം പര്യാപ്തതയിലേക്ക് നയിക്കാനും തൊഴിലില്ലായമ പരിഹരിക്കുന്നതിനും വേണ്ട പദ്ധതികളും ഈ വർഷത്തെ ബജറ്റിനകത്ത് വകയിരുത്തിയിട്ടുണ്ട്. വരും വർഷങ്ങളില് സ്വയം പര്യാപ്തത നേടണം എന്ന വ്യക്തമായ ലക്ഷ്യബോധത്തോടെയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 14 വാർഡുകളിലുള്ള പഞ്ചാത്തല മേഖലയിലെ വികസനത്തിനും ശിശു സൌഹൃദത്തിനും സാമൂഹ്യ സുരക്ഷക്കും വയോജന ക്ഷേമത്തിനും വിദ്യാഭ്യാസ രംഗത്തും ശുചിത്യ പരിപാലനത്തിനും കാർഷിക മേഖലയ്ക്കും ഈ ബജറ്റ് ഊന്നല് നൽകുകയാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്ന ബജറ്റ് ആണെന്ന് അവകാശപ്പെടുന്നില്ല.എന്നാൽ ഗ്രാമ സഭയിൽ നിന്നും ഉയർന്ന് വന്ന ആവശ്യങ്ങള് പൊതുജനങ്ങള് നേരിട്ടും അല്ലാതെയും നൽകിയ നിർദ്ദേശങ്ങള് വിവിധ ജനവിഭാഗങ്ങളുമായി നടത്തിയ ചർച്ചകളിലെ പരാമർശങ്ങള് എന്നിവയിലെല്ലാം പഞ്ചായത്തിന്റെ വിഭവശേഷി കണക്കിലെടുത്ത് ഈ ബജറ്റില് ഉൾപ്പെടുത്തിയിട്ടുണ്ട്.

അതിനു പുറമെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനന്തമായ സാധ്യതയെ പ്രയോജനപ്പെടുത്തി ഉപജീവനത്തിനുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകിയും നിർമ്മാണ വസ്തുക്കള് ഉപയോഗിച്ച് സ്ഥായിയായ നിർമ്മാണ പ്രവൃത്തികളും (റോഡ്. പാലം, കെട്ടിടം), കാർഷിക മേഖലയില് ഗ്രൂപ്പ് കൃഷിയില് മുന്നേറ്റമുണ്ടാക്കാനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ജനാധിപത്യ സർക്കാറുകള് ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായ ജീവിത സാഹചര്യങ്ങള് സൃഷ്ടിക്കുന്നതിനും പ്രതിജ്ഞാ ബദ്ധമാകണം. ദീർഘവീക്ഷണത്തോടെ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുകയും വരും തലമുറയ്ക്ക് കൂടി

ഉപയോഗ്യയോഗ്യമാകും വിധം പരിസ്ഥിതിയേയും ചുറ്റുപാടുകളെയും സംരക്ഷിക്കുന്നതിന് കരുതലോടെ പ്രവർത്തിക്കുകയും വേണം. ജനങ്ങളോട് അടുത്ത് നിൽക്കുന്നതും അവരവരുടെയും പ്രദേശത്തിന്റെയും പ്രശ്നങ്ങള് അടുത്ത് നിന്ന് മനസ്സിലാക്കുന്നതുമായ ജനാധിപത്യ ഭരണ സംവിധാനം എന്ന നിലയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് വളരെയേറെ ഉത്തരവാദിത്തവും പ്രാധാന്യവുമുണ്ട്

ഈവർഷം 13 കോടി 54 ലക്ഷത്തി 42 ആയിരത്തി 735 രൂപ വരവും 13 കോടി 33 ലക്ഷത്തി 93 ആയിരത്തി 210 രൂപ ചെലവും 20 ലക്ഷത്തി 49 ആയിരത്തി 525 രൂപ മിച്ചവും പ്രതീക്ഷിക്കുന്നു.14 വാർഡുകളുടെയും സന്തുലന വികസന ലക്ഷ്യം മുന്നില് കണ്ടുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്

## കാർഷിക മേഖല

കാർഷിക മേഖലയില് വളരെ കാലമായി മുകച്ച മുന്നേറ്റം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കർഷകർക്ക് വിത്ത് കൂലിച്ചെലവ് തുടങ്ങിയവയില് ഗ്രാമ പഞ്ചായത്ത് നൽകുന്ന ആനുകൂല്യം എറെ സഹായകരമാണ്. ഇത് കൃഷി ചെയ്യാനുള്ള അവരുടെ താല്പര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽകൃഷി വികസനം, നേന്ത്ര വാഴ കൃഷി,ജൈവ പച്ചക്കറി വികസനം, ഇടവിള കൃഷി വികസനം, കുരുമുളക് കൃഷി, പയർ കൃഷി എന്നിവയ്ക്കായി 10 ലക്ഷം രൂപ വകയിരുത്തുന്നു.നാളികേര വർദ്ധനവിനായി തെങ്ങ് കൃഷിക്ക് വേണ്ടി 3 ലക്ഷം രൂപ നീക്കി വെക്കുന്നു.തേങ്ങയുടെ ഉല്പാദന വർദ്ധനവിനായി പ്രത്യേകം പദ്ധതികള് കൂടി നാം ആവിഷ്ക്കരിക്കേണ്ടതുണ്ട്. ഹൈബ്രിഡ് മുളക് കൃഷി വികസന പദ്ധതിക്കായി 1 ലക്ഷം രൂപയും മാറ്റിവെക്കുന്നു.

## മൃഗസംരക്ഷണ മേഖല

കുടുംബങ്ങളിൽ സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നിലയിലാണ് ഈ മേഖലയിലെ പദ്ധതികൾ നാം ആവിഷ്കരിച്ചിരിക്കുന്നത്. വനിതകളുടെ സാമ്പത്തിക ശാക്തീകരണം കൂടി ഇതിന്റെ അടിസ്ഥാനത്തില് നാം വിഭാവനം ചെയ്യുന്നു. പശു കോഴി തുടങ്ങി ഗൃഹാന്തരീക്ഷത്തിൽ തന്നെ വളർത്തിയെടുക്കാനും മികച്ച ഉല്പാദനം ഉറപ്പ് വരുത്താനും സാധിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നു. അടുക്കള മുറ്റത്തെ കോഴി വളർത്തല് പദ്ധതിക്കായും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പാലിന് ഇൻസെന്റീവ്, കന്നുകുട്ടി പരിപാലനം, കറവപ്പശുവിന് എല്ലാ മാസവും പകുതി വിലയ്ക്ക് കാലിത്തീറ്റ, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ തുടങ്ങിയ പദ്ധതികൾക്കായി 15 ലക്ഷം രൂപ നീക്കി വയ്ക്കുന്നു.

## മത്സ്യ കൃഷി

കാർഷിക മേഖലയിലെല്ലാം കൃഷി ആവശ്യങ്ങൾക്കായി തയ്യാറാക്കിയ ചെറിയ കുളങ്ങളും കുണ്ടുകളും പൊതു കുളങ്ങളും കർഷകർക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കാന് ഉപകാരപ്രദമാവും വിധം ഹ്രസ്വകാല വിളവെടുപ്പ് നടത്താൻ കഴിയുന്ന മത്സ്യകൃഷി പദ്ധതി ചെയ്തു വരുന്നുണ്ട്. ഫിഷറീസ് ഡിപ്പാർട്മെന്റുമായി സഹകരിച്ച് ഈ പ്രവർത്തനം തുടരുന്നതിന് 1 ലക്ഷം രൂപ വകയിരുത്തുന്നു

## പാർപ്പിടം

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പാവപ്പെട്ടവരുടെ സ്വപ്ന പദ്ധതിയും സംസ്ഥാന സർക്കാറിന്റെ പ്രധാന മിഷനുകളിലൊന്നുമായ

ലൈഫ് മിഷന് പദ്ധതി -ലൈഫ് 20 യില് ഉൾപ്പെടുത്തി അപേക്ഷ ക്ഷണിച്ചതിൽ അർഹരായ നൂറോളം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് വലിയ തുക കണ്ടെത്തേണ്ടതുണ്ട്. ഇതിൽ 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി കഴിഞ്ഞു. അടുത്ത വർഷത്തോടു കൂടി ഇത് പൂർത്തീകരിക്കേണ്ടതിനാല് ജില്ലാ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെയും ഹഡ്കോ വായ്പയുടെ സഹായത്തോടെയും ഭവന നിർമ്മാണത്തിന് 1 കോടി രൂപ വകയിരുത്തുന്നു

## അഗതിരഹിത കേരളം

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 1.5 ലക്ഷം രൂപ വകയിരുത്തുന്നു

## സ്ത്രീ സൌഹൃദ ഗ്രാമം

സ്ത്രീകളുടെ ഉന്നമനത്തെ മുൻനിർത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് മുൻഗണന നൽകുന്നു.ഉല്പാദന മേഖലയിൽ മാത്രം സ്ത്രീകളുടെ തൊഴിൽ മേഖലയുടെ വിപുലീകരണത്തിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി ഗ്രൂപ്പ് സംരംഭ പ്രവർത്തനങ്ങൾക്ക് 7.5 ലക്ഷം രൂപ വകയിരുത്തുന്നു.സ്ത്രീകൾക്കെതിരായ അതിക്രമം തടയാൻ എല്ലാ തലത്തിലുമുള്ള ഇടപെടല് നടത്താന് നമുക്ക് സാധിക്കണം.ജാഗ്രതാ സമിതി ശക്തിപ്പെടുത്തണം. ഇതിനായി ജെൻഡര് റിസോഴ്സ് സെന്റര് വഴി പ്രവർത്തനം ശക്തിപ്പെടുത്തണം. വിവാഹ പൂർവ്വ കൌൺസിലിംഗിന്റെ അനിവാര്യത, വിദ്യാർത്ഥികളുടെ പരീക്ഷ പേടി ബോധ്യപ്പെടുത്തുന്ന അനുഭവങ്ങളാണ് പുതിയ കാലത്ത് ഉണ്ടാവുന്നത് . ഇത് പരിഹരിക്കാനായി പഞ്ചായത്ത് തലത്തിൽ ജെൻഡര് റിസോഴ്സ് പ്രവർത്തനങ്ങൾക്ക് വേണ്ടി 2.5 ലക്ഷം രൂപ മാറ്റി വെക്കുന്നു. സ്ത്രീ പദവി പഠനം, പെൺകുട്ടികൾക്കും

വനിതകൾക്കും കരാട്ടെ പരിശീലനം എന്നിവയ്ക്കായി 5 ലക്ഷം രൂപ വകയിരുത്തുന്നു

## കുടുംബശ്രീ

കുടുംബശ്രീ ഇന്ന് കേരളത്തിലെ സർക്കാര് പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്.നമ്മുടെ പഞ്ചായത്തിലെ കുടുംബശ്രീയും മികച്ച പ്രവർത്തനങ്ങള് കാഴ്ച വെക്കുന്നു. സാമ്പ്രദായിക രീതികളില് നിന്ന് മാറി സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ചുള്ള പുതിയ പദ്ധതികള് ഏറ്റെടുക്കാന് കുടുംബശ്രീ തയ്യാറാവണം. ഇതിനാവശ്യമായ സംഘടനാ ഒരുക്കങ്ങള് നടത്താന് കുടുംബശ്രീ സംവിധാനത്തിനാവണം. ബഡ്ജറ്റ് ഈ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു.സ്ത്രീ ശാക്തീകരണത്തിനായി പഞ്ചായത്തില് രൂപീകരിച്ച അവളിടം പദ്ധതിയുടെ പുറമെ ഓരോ വാർഡിലും വനിത ക്ലബുകൾ രൂപീകരിക്കും. അവർക്ക് കായിക വിനോദത്തില് ഏർപ്പെടാനുള്ള ഉപകരണങ്ങളും സ്വയം തൊഴില് കണ്ടെത്തുന്നതിനുംആവശ്യമായ രൂപ മാറ്റി വെക്കുന്നു

## സുസ്ഥിര ശുചിത്വ പദ്ധതി

കോട്ടയം ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് കുതിക്കുകയാണ്. എന്റെ ഗ്രാമം സുന്ദര കോട്ടയം എന്ന മുദ്രാവാക്യം സഫലീകരിക്കാൻ നാം ഒത്തൊരുമിച്ച് പ്രവർത്തിക്കണം

ശുചിത്വത്തിന്റെ പ്രാധാന്യം ജനങ്ങളുടെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക എന്നതാണ് നാം ലക്ഷ്യം വയ്ക്കുന്നത്. നിരന്തരമായി സംഘടിപ്പിക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായി പ്രവർത്തനം കൂടിയെങ്കിലും ബോധവല്കരണം ഇനിയും ആവശ്യമുണ്ട്. ബഹുജന പങ്കാളിത്തത്തോടെയുള്ള ഇടപെടൽ ഇനിയും ഉണ്ടാവണം. രൂപീകരിച്ച ഹരിതകർമസേന കൺസോഷ്യം അതീവ ജാഗ്രതയോടെ പ്രവർത്തിക്കണം. യൂസർഫീയിനത്തില് ലഭിക്കുന്ന തുകയുടെ കുറവ്

പരിഹരിച്ച് ഹരിതകർമ സേനയുടെ ഓണറേറിയം ഇനിയും വർദ്ധിപ്പിക്കാന് സാധിക്കണം. ഈ ഇനത്തിൽ ഇവരെ സഹായിക്കുന്നതിനും ഈ ബജറ്റില് 2 ലക്ഷം രൂപ നീക്കി വെക്കുന്നു. പ്രധാന ടൌണായ ആറാം മൈൽ, കിണവക്കൽ, കോട്ടയം പൊയില് ടൌണുകൾ സൌന്ദര്യവല്ക്കരിക്കുന്നതിന്റെ ഭാഗമായി പൂന്തോട്ടം ഒരുക്കലും വൃക്ഷത്തൈ വെച്ച് പിടിപ്പിക്കലും വിവിധ സംഘടനകളുടെയും വിവിധ സ്ഥാപനങ്ങളുടെയും സേവനങ്ങൾ ഉപയോഗപ്പെടുത്തി യാഥാർത്ഥ്യമാക്കും .ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി മാലിന്യ സംസ്ക്കരണത്തിനായി ഇമേജ് എന്ന പദ്ധതി നടപ്പാക്കും . പഞ്ചായത്തിലെ മുഴുവൻ ജനങ്ങളിലും ശുചിത്വ സന്ദേശങ്ങൾ എത്തിക്കുന്നതിനും ശുചിത്വ പ്രവർത്തനങ്ങൾക്കുമായി 20 ലക്ഷം രൂപ മാറ്റി വെക്കുന്നു.

## ആരോഗ്യരംഗം

സംസ്ഥന സർക്കാരിന്റെ ആർദ്രം മിഷന് പ്രവർത്തനം ജനങ്ങൾക്ക് നൽകുന്ന സേവനം ചെറുതല്ല എന്നതിന്റെ ഉദാഹരണമാണ് ആരോഗ്യരംഗത്തെ മാതൃകകൾ. കോട്ടയം എഫ് എച്ച് സി വൈകുന്നേരം വരെ ഒ.പിയടക്കം നടത്തി മാതൃകാപരമായി പ്രവർത്തിക്കുകയാണ്. ആശുപത്രിയുടെ വികസനത്തിനായും കിടപ്പിലായ രോഗികൾക്ക് എയര് കിടക്കയും വാക്കിംഗ് സ്റ്റിക്കും വീല് ചെയറും പാലിയേറ്റീവ് കെയറിനായി മരുന്നും ജീവനക്കാരുടെ ശമ്പളവും ഹോമിയോപ്പതി ആയുർവ്വേദ യുനാനി മരുന്ന് വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ മാറ്റിുവെക്കുന്നു.

## വിദ്യാഭ്യാസം

സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതിയിലൂടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ്

സംസ്ഥാന സർക്കാര് ഈ കാലയളവില് ഉണ്ടാക്കിയെടുത്തത് . വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ നയങ്ങളെ പിന്തുടർന്ന് മികച്ച പ്രവർത്തനങ്ങളാണ് നാം നടത്തി വരുന്നത് . കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് 6 ലക്ഷത്തിലധികം കുട്ടികളാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ കടന്നു വന്നത് . സമഗ്രമായ വില്ലേജ് എജുക്കേഷൻ രജിസ്റ്റര് നാം തയ്യാറാക്കി പ്രസിദ്ധീകരിച്ചിരിക്കയാണ്. കുട്ടികളെ ആകർഷിക്കാന് നമ്മുടെ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങൾക്ക് സാധിക്കണം . കുട്ടികളിലെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി തത്തമ്മ, യുറീക്ക, ശാസ്ത്ര കേരളം , പത്രം എന്നിവ നൽകുന്നതിനും എസ്എസ്കെ വിഹിതമായും തുടര് വിദ്യാഭ്യാസ സാക്ഷരതാ പ്രവർത്തനങ്ങൾക്കായും ബാലസഭാ പ്രവർത്തനം മെച്ചപ്പെടുത്തൽ, ബാലസഭാ കുട്ടികൾക്ക് ഫുട്ബോള് പരിശീലനം എന്നിവയ്ക്കായി10 ലക്ഷം രൂപ മാറ്റി വെക്കുന്നു.ബാലസൌഹൃദ ഗ്രാമ പഞ്ചായത്ത് പ്രഖ്യാപനം ഉടൻ നടത്താനും നമുക്ക് സാധിക്കണം

## പശ്ചാത്തല മേഖല

ഗ്രാമീണ റോഡുകളുടെ വികസനം എന്നത് നമ്മുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഈ സർക്കാര് അധികാരത്തില് വന്നതിന് ശേഷം കഴിഞ്ഞ 6 സാമ്പത്തിക വർഷത്തിനിടയില് ഗ്രാമ പഞ്ചായത്തിലെ പ്രധാന റോഡുകളുടെ പണി പൂർത്തിയാക്കാനും പണം നീക്കി വെക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 6 വർഷത്തിനിടയില് ഒരു വാർഡില് 4 പുതിയ റോഡുകള് ഗതാഗത യോഗ്യമാക്കാനും സാധിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും എംഎൽഎ ഫണ്ടും ഈ ഇനത്തിൽ ചെലവഴിച്ചു. ഈ വർഷവും ഇതിന്റെ തുടർച്ചയായ വികസന പ്രവർത്തനമാണ് നാം ലക്ഷ്യം വെക്കുന്നത്

റോഡ് വികസനം ഉൾപ്പെടെ പശ്ചാത്തല മേഖലയ്ക്ക് ഈ വർഷം 81 ലക്ഷം രൂപ മാറ്റിവെക്കുന്നു.

## ഭിന്നശേഷി സൌഹൃദ ഗ്രാമം

ഭിന്നശേഷി സൌഹൃദ ഗ്രാമമായി കോട്ടയം പഞ്ചായത്തിനെ മാറ്റുക എന്ന സ്വപ്ന സാക്ഷാത്ക്കാരത്തിനായി വിവിധ പദ്ധതികള് ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യും.കോട്ടയം അങ്ങാടിയിൽ ഭിന്നശേഷി സൌഹൃദ അങ്കണവാടിയും വിദ്യാർത്ഥികൾക്ക് സ്ക്കോളർഷിപ്പും ഉൾപ്പെടെ 12 ലക്ഷം വകയിരുത്തുന്നു

## വയോജന സൌഹൃദ ഗ്രാമം

വയോജന സൌഹൃദ ഗ്രാമം എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാക്കാന് ആവശ്യമായ പദ്ധതികള് തയ്യാറാക്കി വയോജന പരിപാലനത്തിന് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വാർഡുകളില് യാഥാർത്ഥ്യമാക്കിയ വയോജന റിസോഴ്സ് സെന്ററുകള് കാര്യക്ഷമമായ പ്രവർത്തനം നടത്തണം. അവരുടെ പോഷകാഹാരത്തിനും മെഡിക്കൽ ക്യാമ്പുകൾക്കും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായി 11 ലക്ഷം രൂപ മാറ്റിവെക്കുന്നു.

## അങ്കണവാടികൾ

അങ്കണവാടികളുടെ വികസനം മുൻനിർത്തിയുള്ള പ്രത്യേക പദ്ധതികൾ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു.സ്ഥലവും കെട്ടിടവുമില്ലാത്ത 3 അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കാന് പദ്ധതികള് ആവിഷ്കരിക്കണം.അങ്കണവാടികളുടെ പ്രവർത്തനത്തിനും പശ്ചാത്തല വികസനത്തിനുമായി 47 ലക്ഷം വകയിരുത്തുന്നു.

## സമഗ്ര കായിക വികസനം

സമഗ്ര കായിക വികസനം എന്ന മുദ്രാവാക്യവുമായി സംസ്ഥാന സർക്കാര് നടത്തുന്ന പ്രവർത്തനം ചെറുപ്രായം മുതല് കായിക പരിശീലനം ലഭിച്ചാൽ മാത്രമെ മികച്ച വിജയങ്ങള് കൈവരിക്കാന് സാധിക്കുകയുള്ളു.കഴിവുള്ള കായിക താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമ പഞ്ചായത്തിൽ ഫുട്ബോള് പരിശീലനം, കരാട്ടെ പരിശീലനം, വനിതാ ഫിറ്റ്നസ് സെന്ററിന് ഉപകരണങ്ങള്, കേരളോത്സവം എന്നിവയ്ക്കായി 4 ലക്ഷം രൂപ മാറ്റി വെക്കുന്നു

## തെരുവു വിളക്ക്

മികച്ച തെരുവു വിളക്ക് സംവിധാനമുള്ള പഞ്ചായത്താണ് നമ്മുടേത്. സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളില് സോളാര് ലൈറ്റുകൾ സ്ഥാപിക്കാന് പദ്ധതികള് ആവിഷ്കരിക്കേണ്ടതുണ്ട്. തെരുവു വിളക്കുകളുടെ റിപ്പയറിംഗ് പ്രവൃത്തിയിലെ അപാകതകള് പരിഹരിക്കുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

## പട്ടികജാതി / പട്ടികവർഗ്ഗം

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി മികച്ച പദ്ധതികളാണ് ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. എങ്കിലും ഈയിനത്തിൽ ഫണ്ട് പ്രയോജനപ്പെടുത്താന് ഗുണഭോക്താക്കള് താല്പര്യം കാണിക്കാത്തത് ബോധവല്ക്കരണത്തിലൂടെ പരിഹരിച്ചെടുക്കാൻ നമുക്ക് സാധിക്കണം. ഇവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ലൈഫ് പദ്ധതി, വിവാഹ ധനസഹായം, ലാപ്ടോപ്, സ്ക്കോളർഷിപ്പ് എന്നിവയ്ക്കുൾപ്പടെ 6.25ലക്ഷം രൂപ മാറ്റി വെക്കുന്നു

## തൊഴിലുറപ്പ് പദ്ധതി

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം മികച്ച നിലയിൽ നമ്മുടെ പഞ്ചായത്തിനകത്ത് നടന്നു വരുന്നു. ഈ പദ്ധതിയുടെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തി പരമാവധി തൊഴിൽ ദിനങ്ങളും വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആട്ടിൻകൂട് , തൊഴുത്ത്, കോഴിക്കൂട്, സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്, കിണർ റീചാർജ്, റോഡ് , പാലം ,കുളം നിർമ്മാണം, കിണർ നിർമ്മാണം, തോട് സംരക്ഷണം എന്നിവയുടെ പ്രവർത്തനങ്ങൾക്കും കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കുമായി 5 കോടിയുടെ വികസന പ്രവർത്തനങ്ങള് നാം ലക്ഷ്യമിടുന്നു. ഇത് നമ്മുടെ പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറ്റി മറിക്കും.

## കുടിവെള്ള പദ്ധതി

പഞ്ചായത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ 15 ലക്ഷം രൂപ മാറ്റിവെക്കുന്നു.

## ചെലവ് ചുരുക്കലും വരുമാന വർദ്ധനവും

അനിവാര്യമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതോടൊപ്പം അനാവശ്യ ചെലവുകളും അധികരിച്ചു വരുന്ന ചെലവുകളും കണ്ടെത്തി കുറച്ചു കൊണ്ടുവരാൻ ഈ ബജറ്റ് നിർദേശം വയ്ക്കുന്നു. തനത് പ്രവർത്തനങ്ങള് ഏറ്റെടുക്കുമ്പോള് ഉള്ള ചെലവുകൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താനും ഗ്രാമ പഞ്ചായത്തംഗങ്ങളും ജീവനക്കാരും ഉൾപ്പെടെ ചെലവ് ചുരുക്കുന്നതിന് വേണ്ടി ഒരുമിച്ച് പ്രവർത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. വരുമാന വർദ്ധനവിനാവശ്യമായ പുതിയ വഴികള് കണ്ടെത്തേണ്ടത് അനിവാര്യമായി മാറിയിരിക്കുകയാണ്.

പഞ്ചായത്തുകളുടെ പരിമിതിയിൽ നിന്നു കൊണ്ട് ഇത് സാധിക്കുക എന്നത് ഒട്ടേറെ പ്രയാസകരവുമാണ്. എന്നാൽ നിലവിലെ സാധ്യതകൾ പൂർണ്ണമായും ഉപയോഗിച്ച് വരുമാനത്തില് വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കണം . ഇതിൽ എറ്റവും പ്രധാനമാണ് കൂട്ടിയെടുക്കപ്പെട്ട കെട്ടിടങ്ങളെ സമഗ്ര പരിശോധനയിലൂടെ കണ്ടെത്തുകയും നികുതി പരിധിയിൽ കൊണ്ടുവരിക എന്നതും . ഏപ്രിൽ മുതല് ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കും.

അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികളടക്കം ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബജറ്റ് നാം തയ്യാറാക്കിയത് . നവകേരള സൃഷ്ടിക്കായുള്ള ആസൂത്രണത്തിലാണ് കേരള സർക്കാർ. പുതിയ കേരളത്തിനായുള്ള വികസന മാതൃകക്ക് ഒപ്പം നടക്കാന് നമുക്കും സാധിക്കണം. അതിന് ഉതകുന്ന രീതിയിൽ ഈ ബജറ്റിനെ പൂർണ്ണമാക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിങ്ങളുടെ അംഗീകാരത്തിനായി ഈ ബജറ്റ് സമർപ്പിക്കുന്നു

**2023-24 സാമ്പത്തിക വർഷത്തേക്ക്**

**135442735/-വരവും133393210/-ചെലവും .2049525/-രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റ് ആണ് അവതരിപ്പിച്ചിട്ടുള്ളത്.**

| | | |
|---|---|---|
| ***കോട്ടയം ഗ്രാമപഞ്ചായത്ത്*** | | |
| ***വാർഷിക ബജറ്റ് 2023-24*** | | |
| | ***വരവ്*** | |
| | **പ്രാരംഭ ബാക്കി** | **1939735** |
| | **നികുതി വരുമാനം** | |
| 1 | വസ്തു നികുതി | 45,00,000 |
| 2 | സേവന നികുതി | 200000 |
| 3 | തൊഴിൽ നികുതി | 1800000 |
| | **ആകെ** | **65,00,000** |

| | | |
|---|---|---|
| | **നികുതിയേതര വരുമാനം** | |
| 1 | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയു വാടക | 4,00,000 |
| 2 | പഞ്ചായത്ത് സ്വത്തുക്കളുടെ ദിവസ വാടക | 10000 |
| 3 | മറ്റ് വാടകകൾ | 200000 |
| 4 | രജിസ്ട്രേഷൻ ഫീ | 35000 |
| 5 | ലൈസൻസ് ഫീ | 600000 |
| 6 | പെർമിറ്റ് ഫീ | 700000 |
| 7 | സർട്ടിഫിക്കറ്റ്/ എക്സ്ട്രാക്റ്റ് ഫീ | 13000 |
| 8 | ഫൈൻ | 200000 |
| 9 | മറ്റ് ഫീസുകൾ | 200000 |
| 10 | യൂസർ ചാർജ് | 20000 |
| 11 | സർവീസ് / അഡ്മിനിസ്ട്രേറ്റീവ് ചാരജുകൾ | 100000 |
| 12 | ഉൽപ്പന്നങ്ങളുടെ വില | 50000 |
| 13 | ഫോം വില | 150000 |
| 14 | ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വില്പന | 100000 |
| 15 | മറ്റ് വസ്തുക്കളുടെ വില്പന | 10000 |
| 16 | വാഹന വാടക | 150000 |
| 17 | ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 300000 |
| 18 | നിക്ഷേപങ്ങൾ കണ്ടു കെട്ടിയത് | 100000 |
| 19 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ | 100000 |
| | **ആകെ നികുതിയേതര വരുമാനം** | **3438000** |
| | **<u>ഗ്രാന്റ് ഇന് എയ്ഡ് കോൺട്രിബ്യൂഷന്</u>** | |
| 1 | ജനറൽ പർപ്പസ് ഫണ്ട് | 1,20,00,000 |
| 2 | പ്രത്യേക ഫണ്ട് | 25000 |
| 3 | വികസന ഫണ്ട് ജനറല് | 11682000 |
| 4 | വികസന ഫണ്ട്എസ്.സി.പി | 551000 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5802000 |
| 6 | മെയിന്റനൻസ് ഫണ്ട് റോഡ് വിഹിതം | 9106000 |
| 7 | മെയിന്റനൻസ് ഫണ്ട് നോണ് റോഡ് വിഹിതം | 2735000 |
| | **ആകെ** | **41901000** |
| | **പദ്ധതിയേതര ചെലവുകൾക്ക് വേണ്ടിയുള്ള വരവുകൾ(പെൻഷൻ)** | |

| | | |
|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷന് | 1,70,00000 |
| 2 | വിധവാ പെൻഷന് | 1,50,00000 |
| 3 | കർഷക തൊഴിലാളി പെൻഷന് | 80,00,000 |
| 4 | അവിവാഹിത പെൻഷന് | 63,00,000 |
| 5 | വികലാംഗ പെൻഷന് | 31,00,000 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,00,000 |
| | **ആകെ** | **500,00,000** |
| | **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ** | |
| 1 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 5,00,00000 |
| 2 | പൂരക പോഷകാഹാരം | 7,00,000 |
| 3 | ശുചിത്വ മിഷൻ കേന്ദ്ര വിഹിതം | 10,00,000 |
| | **ആകെ** | **51700000** |
| | **മറ്റ് വിഹിതങ്ങള്** | |
| 1 | ശുചിത്വ മിഷൻ | 300000 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 2000000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2000000 |
| | **ആകെ** | **4300000** |
| | **നിക്ഷേപങ്ങളും മുൻകൂറുകളും** | |
| 1 | നിരത ദ്രവ്യം | 20,000 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 100,000 |
| 3 | റീ ടെൻഷന് | 35,000 |
| 4 | റിക്കവറികൾ | 2500000 |
| 5 | വർക്ക് ബില്ലില് നിന്നുള്ള റിക്കവറികള് | 200000 |
| | **ആകെ വരവുകൾ** | **2855000** |

| | | |
|---|---|---|
| | ***ചെലവുകൾ*** | |
| | | |
| **എസ്റ്റാബ്ലിഷ്മെന്റ് ചെലവുകള്** | | |
| 1 | ശമ്പളം | 13500000 |
| 2 | കൂലി | 250000 |
| 3 | ബോണസ് | 30000 |

| | | |
|---|---|---|
| 4 | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 1700000 |
| 5 | സിറ്റിംഗ് ഫീ | 160000 |
| 6 | യാത്രാബത്ത | 120000 |
| 7 | യാത്രാ ബത്ത ജനപ്രതിനിധികൾ | 40000 |
| 8 | മറ്റ് ബത്തകൾ | 50,000 |
| 9 | പെൻഷന് കോൺട്രിബ്യൂഷന് | 900000 |
| 10 | സേവന വിരാമ ആനുകൂല്യങ്ങൾ | 500000 |
| | **ആകെ** | **19750000** |

| | | |
|---|---|---|
| | **ഭരണ ചെലവുകൾ** | |
| 1 | വാടക | 10000 |
| 2 | ഓഫീസ് ചെലവുകൾ | 85000 |
| 3 | വാർത്താവിനിമയ ചെലവുകള് | 75000 |
| 4 | പുസ്തകങ്ങളും ആനുകാലികങ്ങളും | 25000 |
| 5 | അച്ചടിയും സ്റ്റേഷനറിയും | 80000 |
| 6 | ഇൻഷുറൻസ് / രജിസ്ട്രേഷൻ | 35000 |
| 7 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവ് | 10000 |
| 8 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകള് | 10000 |
| 9 | പരസ്യവും പ്രചരണവും | 5000 |
| 10 | മെമ്പർഷിപ്പ്/ വരിസംഖ്യ | 10000 |
| 11 | അസാധാരണ ചെലവുകൾ | 50000 |
| 12 | മറ്റ് ഭരണ ചെലവുകൾ | 75000 |
| | **ആകെ** | **522210** |
| | **സംരക്ഷണവും നടത്തിപ്പും** | |
| 1 | വൈദ്യുതി/ ഊർജം | 600000 |
| 2 | ഡീസൽ പെട്രോള് ചാർജ് | 210000 |
| 3 | വാട്ടർ ചാർജ് | 40000 |
| 4 | വാടക | 100000 |
| 5 | സംരക്ഷണവുംഅറ്റകുറ്റപ്പണികളും ജംഗമ ആസ്തികൾ | 150000 |
| 6 | സംരക്ഷണവുംഅറ്റകുറ്റപ്പണികളും മറ്റ് സ്ഥിര ആസ്തികൾ | 50000 |
| 7 | മറ്റ് നടത്തിപ്പ് /മെയിന്റനൻസ് ചെലവുകള് | 300000 |

| | | |
|---|---|---|
| | **ആകെ** | 1450000 |
| | **പ്ലാൻചെലവുകള് (ഉല്പാദന മേഖല)** | |
| 1 | മുറ്റത്തൊരു മീൻതോട്ടം | 100000 |
| 2 | ഹൈബ്രിഡ് മുളക് കൃഷി വികസന പദ്ധതി | 100000 |
| 3 | പയർ കൃഷി പ്രോത്സാഹന പദ്ധതി | 100000 |
| 4 | കന്നുകുട്ടി പരിപാലനം | 750000 |
| 5 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 100000 |
| 6 | അടുക്കളമുറ്റത്തെ കോഴി വളർത്തല് | 200000 |
| 7 | പാലിനു ഇൻസെൻ്റീവ് | 300000 |
| 8 | കറവ പശൂക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി | 50000 |
| 9 | ജൈവ പച്ചക്കറി വികസനം | 100000 |
| 10 | ഇടവിള കൃഷി വികസനം | 400000 |
| 11 | വാഴ കൃഷി വികസനം | 200000 |
| 12 | കുരുമുളക് കൃഷി വിസ്ത്രിതി വ്യാപനം | 100000 |
| 13 | നെൽകൃഷി വികസനം | 100000 |
| 14 | പോഷകത്തോട്ടം ഹരിത സമൃദ്ധി വാർഡ് | 100000 |
| 15 | നാളീകേര കൃഷിവികസനം | 300000 |
| 16 | ഗ്രൂപ്പ് സംരംഭം വനിത | 1500000 |
| 17 | ധാതു ലവണ വിരമരുന്ന് വിതരണം | 50000 |
| | **ആകെ** | 4550000 |

| | സേവന മേഖല | |
|---|---|---|
| 1 | ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം | 600000 |
| 2 | ആശ്രയ - അഗതി രഹിത കേരളം - വീട് വാസയോഗ്യമാക്കൽ | 150000 |
| 3 | പി എം എ വൈ ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്കിന് കൈമാറൽ | 100000 |
| 4 | റിംഗ് കമ്പോസ്റ്റ് | 1500000 |
| 5 | പുനചംക്രമണം സാധ്യമല്ലാത്ത അജൈവമാലിന്യങ്ങൾ സംസ്കരിക്കൽ | 200000 |
| 6 | അങ്കണവാടി പോഷകാഹാര പരിപാടി | 2800000 |
| 7 | ശിശുമന്ദിരം പോഷകാഹാര പരിപാടി | 100000 |
| 8 | സ്ത്രീപദവി പഠനം | 400000 |
| 9 | ഹരിത കർമ സേനക്ക് കളക്ഷന് ബാഗ് 2023-24 | 50000 |
| 10 | പൊതു ടാപ്പുകളുടെ കുടിവെള്ളക്കരം കേരള വാട്ടർ അതോറിറ്റിക്ക്അടവാക്കൽ | 100000 |
| 11 | ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകല് | 400000 |
| 13 | പ്രൊജക്ട് അസിസ്റ്റന്റിന് വേതനം നൽകല് | 300000 |
| 14 | ഐകെഎം ന് ഗ്രാമ പഞ്ചായത്ത് വിഹിതം അനുവദിക്കൽ | 50000 |
| 15 | പദ്ധതി രൂപീകരണം നിർവ്വഹണം മോണിറ്ററിംഗ് | 300000 |
| 16 | പൌരാവകാശ രേഖ പുതുക്കൽ 2023-24 | 20000 |
| 17 | പഞ്ചായത്ത് ഓഫീസിലെ വിവിധ ഇലക്ട്രേണിക്സ് ഉപകരണങ്ങൾക്ക് എഎംസിപൂതുക്കല് | 100000 |
| 18 | സാന്ത്വന പരിചരണ പദ്ധതി | 1000000 |
| 19 | മൗവ്വേരി അങ്കണവാടി വൈഫൈ കണക്ഷൻ മാസവാടക അടക്കൽ | 10000 |
| 20 | ജെൻഡര് റിസോഴ്സ് സെന്റര് കമ്യൂണിറ്റി | 250000 |

| | | |
|---|---|---|
| | വുമൺഫെസിലിറ്റേറ്റർക്ക് ഓണറേറിയം | |
| 21 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1300000 |
| 22 | പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം | 100000 |
| 23 | അംഗനവാടി പ്രവർത്തകർക്ക് ഓണറേറിയം- തുക കൈമാറൽ | 600000 |
| 24 | സ്മാർട്ട് ഐ ഫേസ്-2 | 300000 |
| 25 | അംഗൻവാടികൾക്ക് സ്ഥലം വാങ്ങല് | 200000 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങല് | 200000 |
| 27 | എഫ് എച്ച് സിക്കു മരുന്ന് വാങ്ങൽ | 700000 |
| 28 | എഫ് എച്ച് സിയിലെ താൽക്കാലിക ഡോക്ട്ടറ് പാരാമെഡിക്കൽസ്റ്റാഫ് എന്നിവർക്ക് ഹോണറേറിയം നല്ക്കൽ | 600000 |
| 29 | എഫ് എച്ച് സിക്കു ഉപകരണങ്ങൾ വാങ്ങല് | 100000 |
| 30 | കണ്ണൂര് ഫൈറ്റ് ക്യാൻസര് - സമഗ്ര ക്യാൻസര് നിയന്ത്രണപദ്ധതി | 50000 |
| 31 | വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം | 30000 |
| 32 | അതി ദരിദ്രർക്കുള്ള ചികിത്സ ചെലവുകള് | 5000 |
| 33 | കുടുംബാരോഗ്യ കേന്ദ്രത്തിലെ വനിതകൾക്കുള്ള ഫിറ്റ്നസ് സെന്റിന്ഉപകരണങ്ങള് വാങ്ങല് | 100000 |
| 34 | ബാലസഭ കുട്ടികൾക്ക് ഫുട്ബോള് പരിശീലനം - സ്റ്റാമിന 2023 | 150000 |
| 35 | എഫ്എച്ച്സി ക്ക് പത്രം വിതരണം | 5000 |
| 36 | കേരളോത്സവം | 150000 |
| 37 | അതി ദരിദ്രർക്കുള്ള ഭക്ഷണ വിതരണം | 150000 |
| 38 | എസ് എസ് കെ വിഹിതം നൽകല് | 500000 |
| 39 | സ്കൂളുകൾക്ക് പത്രം വിതരണം | 25000 |

| | | |
|---|---|---|
| 40 | സാംസ്കാരിക സ്ഥാപനങ്ങൾക്ക് പത്രം വിതരണം | 30000 |
| 41 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി | 30000 |
| 42 | പ്രതിരോധ കുത്തിവെയ്പിന് വാഹന വാടക നൽകല് | 40000 |
| 43 | കുടുംബാരോഗ്യ കേന്ദ്രത്തിന് ജനറേറ്റർ വാങ്ങല് | 800000 |
| 44 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 600000 |
| 45 | പത്താമുദയം - സമ്പൂർണ്ണ സെക്കന്ററി വിദ്യാഭ്യാസ ജില്ല | 100000 |
| 46 | ജീവിതമാണ് ലഹരി ലഹരിയല്ല ജീവിതം - ലഹരിക്കെതിരേയുള്ള ബോധവത്കരണപരിപാടി | 30000 |
| 47 | കുടുംബാരോഗ്യ കേന്ദ്രത്തിലെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം | 20000 |
| 48 | അങ്കണവാടി കുട്ടികൾക്ക് കിടക്ക | 35000 |
| 49 | എഴാം വാർഡ് അംഗനവാടിക്ക് കിണര് നിർമ്മാണം | 700000 |
| 50 | യുനാനി ഔഷധങ്ങൾ വാങ്ങൽ | 300000 |
| 51 | ബാലസഭ പ്രവർത്തനം മെച്ചപ്പെടുത്തല് | 20000 |
| 52 | പ്രീസ്കൂൾ കുട്ടികൾക്ക് മേശ വാങ്ങല് | 200000 |
| | **ആകെ** | **2,50,00,000** |
| | **പശ്ചാത്തല മേഖല** | |
| 1 | അസിസ്റ്റൻറ് എഞ്ചിനീർക്ക് വാഹനം വാടകയ്ക്ക് എടുക്കൽ | 300000 |
| 2 | വിവിധ ഗ്രാമീണ റോഡുകള് നവീകരണം | 7500000 |
| 3 | തെരുവുവിളക്ക് അറ്റകുറ്റപ്പണി | 300000 |
| 4 | നടപ്പാത നിർമ്മാണം | |
| | **ആകെ** | 8100000 |

| | | |
|---|---|---|
| | ***പട്ടികജാതി വിഭാഗം*** | |
| 1 | എസ് സിവിദ്യാർത്ഥികൾക്ക് മെറിറ്റോറിയല് സ്കോളർഷിപ്പ് | 150000 |
| 2 | എസ്സി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം | 125000 |
| 3 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 50000 |
| 4 | എസ് സിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 |
| | **ആകെ** | **625000** |
| | **പദ്ധതിയേതര ചെലവുകൾ** | |
| 1 | വാർദ്ധക്യ പെൻഷന് | 1,70,00000 |
| 2 | വിധവാ പെൻഷന് | 1,50,00000 |
| 3 | കർഷക തൊഴിലാളി പെൻഷന് | 80,00,000 |
| 4 | അവിവാഹിത പെൻഷന് | 63,00,000 |
| 5 | വികലാംഗ പെൻഷന് | 31,00,000 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 6,00,000 |
| | **ആകെ** | **500,00,000** |
| | **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ചെലവ്** | |
| | **മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി** | |
| 1 | പ്രകൃതി വിഭവ പരിപാലനം | 4,50,00,000 |
| 2 | ഗ്രാമീണ അടിസ്ഥാന സൌകര്യങ്ങള് | 50,00,000 |
| | **ആകെ** | **5,00,00,000** |
| | **നിക്ഷേപങ്ങളും മുൻകൂറുകളും ചെലവ്** | |
| 1 | നിരത ദ്രവ്യം | 10,000 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 75,000 |
| 3 | റീ ടെൻഷന് | 25,000 |
| 4 | റിക്കവറികൾ | 2,500,000 |
| 5 | വർക്ക് ബില്ലില് നിന്നുള്ള റിക്കവറികള് | 10,000 |
| | **ആകെ** | **26,20,000** |

| | |
|---|---|
| സംഗ്രഹം | |
| മുൻബാക്കി | **1939735** |
| വരവുകൾ | **133503000** |
| ആകെ | **135442735** |
| ചെലവ് | **133393210** |
| നീക്കി ബാക്കി | **2049525** |